കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# പാലക്കാട്

**e-mail:dopkd.ksad@kerala.gov.in**

**www.lfa.kerala.gov.in**

# തച്ചമ്പാറ ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി9/454/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 21.05.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

തച്ചമ്പാറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തച്ചമ്പാറ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി9/454/2019 തീയതി – 21.05.2019

**പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21-8-2017 മുതൽ 25-1-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്<br><br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28-1-2019 മുതൽ 6-2-2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.ജി.ബിന്ദു. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.ബിജു ആന്റണി.യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.ശിവപ്രസാദ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സുജാത.കെ.ടി | 1-4-2017മുതൽ 31-3-2018വരെ |
| സെക്രട്ടറി | എം. ഹരികൃഷ്ണൻ | 1-4-2017മുതൽ 31-3-2018വരെ |

## (സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി. സിത്താര.പി | 1-4-2017മുതൽ 17-11-2017വരെ |
| | ശ്രീമതി.ഫാത്തിമ.എസ്. | 18-11-2017മുതൽ 8-12-2017വരെ |
| | ശ്രീ. റഷീദ്.ഇ | 9-12-2017മുതൽ 31-3-2018വരെ |
| അസി.സെക്രട്ടറി | രാജ് മോഹൻ പോറ്റി | 1-4-2017മുതൽ 16-6-2017വരെ |
| | സാജൻ സി. ജേക്കബ് | 30-6-2017മുതൽ 3-8-2017വരെ |
| | ദിലീന .കെ.കെ | 4-8-2017മുതൽ 30-8-2017വരെ |
| | സിന്ധു .സി.എൻ | 16-9-2017മുതൽ 1-11-2017വരെ |
| | വിജിൽ മോഹൻ | 2-11-2017മുതൽ 5-12-2017വരെ |
| | സനൽ കുമാർ.എം. | 13-12-2017മുതൽ 31-3-2018വരെ |
| | അസി. സെക്രട്ടറി തസ്തികയിൽ ജീവനക്കാരൻ ഇല്ലാത്ത കാലയളവ് | 17-6-2017മുതൽ 29-6-2017വരെ,<br>31-8-2017മുതൽ 15-9-2017വരെ<br>6-12-2017മുതൽ 12-12-2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ. ഉമ്മർ .കെ.എം. | 1-4-2017മുതൽ 6-12-2017വരെ |
| | ഡോ. ഹണി റോസ് തോമസ് | 7-12-2017മുതൽ 31-3-2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. റഹിയാനത്ത് | 1-4-2017മുതൽ 16-7-2017വരെ |
| | ഡോ. വനജ.പി | 17-7-2017മുതൽ 31-3-2018വരെ |
| വെറ്റിനറി സർജൻ | ഡോ. രമ്യ .കെ. വാസു | 1-4-2017മുതൽ 31-3-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ശാന്തിനി | 1-4-2017മുതൽ 31-3-2018 വരെ |
| ICDSസൂപ്പർവൈസർ | ശ്രീമതി.കണ്ണമ്മ.യു.ആർ | 1-4-2017മുതൽ 31-3-2018വരെ |
| വി.ഇ.ഒ | ശ്രീ. എ.മുഹമ്മദാലി | 1-4-2017മുതൽ 24-6-2017വരെ |
| | ശ്രീ. സൗമ്യ. കെ.യു. | 25-6-2017മുതൽ 14-12-2017വരെ |
| | ശ്രീ. എ. ഗോപകുമാർ | 15-12-2017മുതൽ 31-3-2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ദിവ്യ.പി. | 1-4-2017മുതൽ 4-7-2017വരെ |
| | സജീഷ് കുമാർ.ജെ | 28-7-2017മുതൽ 26-10-2017വരെ |
| | പ്രിയ. പി.ബി. | 27-10-2017മുതൽ 31-3-2018വരെ |
| | (5-7-2017മുതൽ 27-7-2017വരെ തസ്തികയിൽ ജീവനക്കാരൻ ഇല്ല) | |

# ഭാഗം -1
## പൊതു അവലോകനം
## പൊതു അവലോകനം

### 1-1 ബജറ്റ്

23/3/2017 തീയതിയിലെ 1ാം തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 26-3-2018 തീയതിയിലെ 2-ാം തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2018 | 30-4-2018 | - | - |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 29-6-2018-30-6-2018 | KSA-PKD 21/1904(31)/18, Dt. 29-8-2018 |

വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയത് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

### 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6678431 |
| വരവ് | 52304859 |
| ആകെ | 58983290 |
| ചെലവ് | 50235675 |
| നീക്കിയിരിപ്പ് | 8747615 |

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | | 13277000 | 13277000 | 12882016 +169400* | 394984 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 6391095 | 6391095 | 5834180 | 556915 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 589761 | 589761 | 344920 | 244841 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 4051000 | 4051000 | 4031113 | 19887 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 2892000 | 2892000 | 2889127 | 2873 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 6235292 | 6235292 | 6144385 | 90907 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | 1223466 | 1223466 | 1092756 | 130710 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 18351102 | 18351102 | 18351102 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 90538 | 1259578 | 1350116 | 1341503 | 8613 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | - | 1000000 | 1000000 | - | 1000000 |
| | ജില്ലാ പഞ്ചായത്ത് | - | 50000 | 50000 | 50000 | |
| ബി ഫണ്ട് | | - | 153360 | 153360 | 153360 | - |
| തനതുഫണ്ട് ബാങ്ക് അക്കൗണ്ട് | | 2784465 | 7941826 | 10726291 | 8044296 | 2681995 |
| ട്രഷറി അക്കൗണ്ട് | | 3067504 | 18622883 | 21690387 | 16504167 | 5186220 |

*ACR പ്രകാരമുള്ള കണക്കാണ് ചേർത്തിരിക്കുന്നത് (RP7 + RP31)

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 56611856 | 139 | 35871009 | - | 45 | 75.5 |

ആകെ വകയിരുത്തിയ തുകയുടെ 63% മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. ഫണ്ട് ലഭ്യത, സ്ഥല ലഭ്യത എന്നിവയുടെ അഭാവവും നിർവ്വഹണ കലണ്ടറിനനുസൃതമായി തുടർ നടപടികൾ സ്വീകരിക്കാതിരിക്കൽ എന്നിവ മൂലവും പല പദ്ധതികളും ഉപേക്ഷിക്കപ്പെടാനിടയാകുകയും പൂർത്തീകരണം നീണ്ടു പോകാനിടയാവുകയും ചെയ്തിട്ടുണ്ട്.

പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന സമിതികളുടേയും കമ്മിറ്റികളുടേയും പ്രവർത്തനം കാര്യക്ഷമമല്ല എന്നു കാണുന്നു.

1. <u>ആസൂത്രണ സമിതി</u>

സ.ഉ (എം.എസ്)നം. 10/17/തസ്വഭവ തിയതി 09-01-2017 പ്രകാരം പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം ഉയർത്തുന്നതിനും ഭരണസമിതിയെ സഹായിക്കാനായി ഒരു ആസൂത്രണ സമിതി രൂപീകരിക്കേണ്ടിതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുവാനും ആസൂത്രണത്തിന് ആവശ്യമായ പഠനങ്ങളും ചർച്ചകളും നടത്തുവാൻ ഭരണസമിതിയെ ആസൂത്രണ സമിതി സഹായിക്കേണ്ടതുണ്ട്. പ്രസിഡണ്ട് അധ്യക്ഷനും സെക്രട്ടറി

കൺവീനറും ഒരു വിദഗ്ദൻ ഉപാധ്യക്ഷനുമായി 12 ൽ കുറയാത്ത അംഗങ്ങളുള്ള സമിതിയാണ് രൂപീകരിക്കേണ്ടത്.

ഗ്രാമപഞ്ചായത്തിൽ 15 അംഗങ്ങളുള്ള ആസൂത്രണ സമിതി രൂപീകരിക്കുന്നതിന് 3.2.17 ന്ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. 13.2.17 ലെ ആദ്യ യോഗത്തിൽ പ്രത്യേക ചർച്ചകളൊന്നും നടന്നതായി രേഖപ്പെടുത്തിയിട്ടില്ല. തൻവർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി കൂടുതൽ യോഗങ്ങളൊന്നും ചേർന്നിട്ടുള്ളതായോ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെട്ടതായോ രേഖകളില്ല. ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് ചുമതലകളും നിറവേറ്റിയതായി കാണുന്നില്ല. പദ്ധതി പ്രവർത്തനങ്ങളിൽ ആസൂത്രണ സമിതിയുടെ ഇടപെടൽ കാര്യക്ഷമമല്ല എന്ന് വിലയിരുത്തുന്നു.

2. <u>**വർക്കിംഗ് ഗ്രൂപ്പുകൾ**</u>

അനിവാര്യമായി രൂപീകരിക്കേണ്ട 12 വർക്കിംഗ് ഗ്രൂപ്പുകളെല്ലാം ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി മിനിറ്റ്സുകൾ പരിശോധിച്ചപ്പോൾ പല വർക്കിംഗ് ഗ്രൂപ്പും വീതം 3 അല്ലെങ്കിൽ 4 യോഗങ്ങൾ ചേർന്നിട്ടുള്ളതായി കണ്ടു. പദ്ധതികളുടെ ആവശ്യകത മാത്രമാണ് യോഗങ്ങളിൽ വിലയിരുത്തിയിട്ടുള്ളത്. വിവിധ മേഖലകളിൽ സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളതായ പൂർണ്ണമായ രേഖകൾ ഇല്ല. ആയതിനാൽ മേഖലകളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് ഇവ അടിസ്ഥാനമാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടപ്പാക്കിയതായി രേഖകളില്ല. നിർദ്ദേശിക്കപ്പെട്ട വിവിധ ചുമതലകൾ നിറവേറ്റിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്ന രേഖകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. മോണിറ്ററിംഗ് കൃത്യമായി നടത്താത്തതിനാൽ പല പദ്ധതികളിലും അപാകതകൾക്ക് കാരണമായിട്ടുണ്ട്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

- <u>**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**</u>

പദ്ധതിയുടെ വിഭവ സ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക, പദ്ധതികണക്കുകൾ കൃത്യമായി തയ്യാറാക്കുക, പ്രൊജക്റ്റുകൾ ശുപാർശ ചെയ്യുക, പദ്ധതികളുടെ കൃത്യതയും നിയമസാധുതയും ഉറപ്പാക്കുക എന്നീ പ്രവർത്തനങ്ങൾ ഒരു പരിധിവരെ പാലിക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്.

- <u>**വികസന കാര്യം**</u>

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകാരം വരെയുള്ള ഫലപ്രദമാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുക, യോഗങ്ങൾ വിളിച്ചു ചേർക്കുക, വർക്കിംഗ് ഗ്രൂപ്പുകൾക്കും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, വികസന കാഴ്ചപ്പാട് സംബന്ധിച്ച രേഖ തയ്യാറാക്കുക, പദ്ധതി തയ്യാറാക്കുക, ന്യൂനതകൾ പരിഹരിക്കുക മുതലായ ചുമതലകൾ ഭാഗികമായി മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളും നിർവ്വഹണോദ്യോഗസ്ഥരുമായി പദ്ധതി നിർവ്വഹണം സംബന്ധിച്ച് ചർച്ചകൾ നടത്തുകയോ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായോ ചെയ്തുകാണുന്നില്ല. പദ്ധതികൾ മുടങ്ങിപ്പോകാത്തവിധം ആവശ്യമായ ഭൗതിക സാഹചര്യം,ഫണ്ട് എന്നിവ ലഭ്യമാക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിച്ചിട്ടില്ല.

- <u>**ക്ഷേമകാര്യം, ആരോഗ്യംവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികൾ**</u>

വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക, വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ആവശ്യാനുസരണം വിളിച്ചു ചേർക്കുന്നുണ്ടെന്ന് ഉറപ്പാക്കുക, വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക, വിഷയവുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകൾ വർക്കിംഗ് ഗ്രൂപ്പുകളുമായി ചർച്ച ചെയ്ത് പൂർണ്ണവും കുറ്റമറ്റതുമാക്കുക, ഭരണസമിതിക്ക് ശുപാർശ ചെയ്യുക മുതലായ ചുമതലകൾ ഭാഗികമായി മാത്രമാണ് നിറവേറ്റിയിട്ടുള്ളത്.

തൻ വർഷത്തെ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വിലയിരുത്തലിലും മേൽ സൂചിപ്പിച്ച കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കുറേക്കൂടി ഫലപ്രദമാക്കേണ്ടതാണെന്ന് വിലയിരുത്തുന്നു. വിവിധ തലങ്ങളിലുണ്ടാകുന്ന പാളിച്ചകൾ പദ്ധതി പ്രവർത്തനങ്ങളിലെ വീഴ്ചക്ക് കാരണമാകുമെന്നതിനാൽ ഗ്രാമപഞ്ചായത്ത് ഈ വിഷയം ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 90538 | 1259578 | 1350116 | 1341503 | 8613 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 18351102 | 18351102 | 18351102 | - |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 72360 | 128 |
| കർഷക തൊഴിലാളി പെൻഷൻ | 1620600 | 138 |
| വിവാഹ ധനസഹായം | 230000 | 11 |
| വിധവാ പെൻഷൻ | 10217400 | 867 |
| വാർദ്ധക്യകാലപെൻഷൻ | 26136100 | 1964 |
| വികലാംഗപെൻഷൻ | 2293800 | 198 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 250800 | 21 |

## 1-9 ആഭ്യന്തര നിയന്ത്രണം

**രേഖകളുടെയും റജിസ്റ്ററുകളുടെയും സൂക്ഷിപ്പ്**

ഡെപ്പോസിറ്റ് റജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ അപൂർണമാണ്. തിരിച്ച് കൊടുക്കുമ്പോൾ ആയതിന്റെ വൗച്ചർ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പടുത്തിയിട്ടില്ല. (ചുവന്ന മഷി കൊണ്ട് റൗണ്ട് ചെയ്യൽ മാത്രമാണ് നടത്തിയിട്ടുള്ളത്) കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത്ഫണ്ടിലേക്ക് മുതൽകൂട്ടുന്നുമില്ല. പല ഡെപ്പോസിററുകളും തിരിച്ച് നൽകുമ്പോൾ രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ല. (ഉദാ. വൗച്ചർ നം. 21700276/18-7-2018പ്രാകാരം 500 രൂ. ഡെപ്പോസിറ്റ് റീഫണ്ട് നടത്തിയിട്ടുണ്ട്. ആയത് ഡെപ്പോസിറ്റ് റജിസ്റ്ററിൽ ചേർത്തിട്ടില്ല.).

തെരുവ് വിളക്ക് രജിസ്റ്റർ, തെരുവ് ടാപ്പ് രജിസ്ററർ എന്നിവ സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ 31.03.2018 വരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിട്ടില്ല.

ആസ്തി സംരക്ഷണ പദ്ധതി/വാർഷിക മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുന്നതിലുള്ള നടപടികൾ യഥാസമയം സ്വീകരിക്കുന്നില്ല. പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

പൗരാവകാശ രേഖ നിയമാനുസൃതം പുതുക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-1-2019 | 1-12-2018-31-12-2018 | 17-1-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3-2-2014 - 17-2-2014 | 2008-09 - 2012-13 | 21-3-2014 |

## 1-11 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-1-2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 4270രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

സംയുക്ത പ്രൊജക്ടുകൾ വരവു ചെലവു നീക്കിയിരുപ്പുകൾ വാർഷിക കണക്ക്, അനുബന്ധ രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ-214,സർക്കാർ ഉത്തരവ്(ആർ.റ്റി) നം.3291/2016/ത.സ്വ.ഭ.വ തിയതി.02.12.2016 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ്-പദ്ധതി,പദ്ധതിയേതര നിർദ്ദേശങ്ങൾ നിർവഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മറ്റികളും ജനുവരി 15 -നു മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്.
2. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ നിർദ്ദേശങ്ങളിൽ നിന്നും ബജറ്റ് തയ്യാറാക്കേണ്ടതും കരട് ബജറ്റ് അനുബന്ധ രേഖകൾ സഹിതം മാർച്ച് മാസത്തിലെ ആദ്യ ആഴ്ചയിൽ തന്നെ പഞ്ചായത്ത് കൗൺസിലിന്റെ അംഗീകാരത്തിന് വെയ്ക്കേണ്ടതുമാണ്.
3. പഞ്ചായത്ത് കൗൺസിൽ ആവ്ശ്യമായ ചർച്ചകൾക്ക് ശേഷം മാർച്ച് 31 നു മുമ്പായി ബജറ്റ് പാസാക്കിയിരിക്കണം.

എന്നാൽ തച്ചമ്പാറ ഗ്രാമപഞ്ചായത്തിൽ മേൽപ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെട്ടിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യുടെ മിനിറ്റ്സ്, വിവിധ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകൾ എന്നിവ പരിശോധിച്ചപ്പോൾ 16.3.2017 തിയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിൽ ബജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിച്ച് പാസാക്കി ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഭരണസമിതിയുടെ 23.3.2017 ലെ 1-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു. പിന്നീട് 26.3.18 തിയതിയിൽ ഭരണസമിതി ബജറ്റ്

പുതുക്കുകയുംചെയ്തു.

ബജറ്റ് ഫയലിൽ ബജറ്റിന്റെ നടപടിക്രമങ്ങൾ യാഥാവിധി ചെയ്തതതായുള്ള യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. ബജറ്റിന്റെ പ്രിന്റ് ചെയ്ത ഒരു പകർപ്പ് മാത്രമാണ്ഫയലായി സൂക്ഷിച്ചിട്ടുള്ളത്. ആയത് ബജറ്റ് സോഫ്റ്റ്വെയർ വഴിയല്ല തയ്യാറാക്കിയിട്ടുള്ളത്. മുൻബാക്കി തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആയതിൽ ചേർത്തിട്ടുമില്ല. പുതുക്കിയ ബജറ്റ് സംബന്ധിച്ച വിവരങ്ങളും ബജറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർത്തിട്ടുള്ളതായോ, സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടുള്ളതായോ നിർവഹണ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയോ ചെയ്തതായി കാണുന്നില്ല. അംഗീകരിച്ച വാർഷിക പദ്ധതികളും നോൺ പ്ലാൻ എസ്റ്റിമേറ്റുകളും സംയോജിപ്പിച്ചാണോ കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്നും രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11 )വരും വർഷങ്ങളിൽമേൽ അപാകതകൾ പൂർണ്ണമായും പരിഹരിച്ച് ബജറ്റ് തയ്യാാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുള്ളത്. പഞ്ചായത്തിന്റെ ചെലവുകൾക്കുള്ള അടിസ്ഥാന അനുമതിയായ ബജറ്റ്, നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടു മാത്രമേ തുടർന്നുള്ള വർഷങ്ങളിൽ പാസാക്കപ്പെടുന്നുള്ളൂ എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും കൃത്യമായി ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 ഡി&ഒ ലൈസൻസ് പിരിവ്-അപാകതകൾ

ഡി&ഒ ലൈസൻസ് പിരിവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 220 സ്ഥാപനങ്ങൾ മാത്രമേ ഗ്രാമപഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളൂ. ഈയിനത്തിൽ അഡ്വാൻസ്,തന്വർഷം ഇനങ്ങളിലായി ആകെ 59500 രൂപ മാത്രമേ (9800+49700) ഗ്രാമപഞ്ചായത്തിന് വരുമാനം ലഭിച്ചിട്ടുള്ളൂ. എന്നാൽ 2016-17സാമ്പത്തിക വർഷത്തിലേക്ക് അഡ്വാൻസ്, തൻവർഷം ഇനങ്ങളിലായി ആകെ 239 അപേക്ഷകരിൽ നിന്നായി 67500 രൂപ വരവ് വന്നിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2017-18 സാമ്പത്തിക വർഷത്തേക്കുള്ള ഡി&ഒ ലൈസൻസികളുടെ എണ്ണത്തിലുള്ള കുറവിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സ്ഥാപനം മറുപടി നൽകിയിട്ടില്ല.
2. പഞ്ചായത്തിന്റെ പരിധിയിൽ പ്രർത്തിക്കുന്ന മുഴുവൻ കച്ചവടക്കാരിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി (കച്ചവടക്കാർ) എന്നിവ ഈടാക്കുന്നതിന് വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ്- തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
3. 1996 ലെ കേരള പഞ്ചായത്ത് രാജ്(ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടം അനുസരിച്ച്, പട്ടിക 1 ൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും പഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് എടുക്കേണ്ടതാണ്.പട്ടിക 1 ൽ ഉൾപ്പെട്ട അബ്കാരി ഷോപ്പുകൾ(കള്ള് ഷാപ്പുകൾ ഉൾപ്പെടെ),റേഷൻ റീടെയിൽ ഷോപ്പുകൾ തുടങ്ങിയ സ്ഥാപനങ്ങൾ ഓഡിറ്റ് കാലയളവിൽ ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സ്ഥാപനം മറുപടി സമർപ്പിച്ചിട്ടില്ല. മേൽഅപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-3 തൊഴിൽനികുതി പിരിവ്-അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി (ജിവനക്കാർ) കൃത്യമായി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നുണ്ടോ

എന്ന് നിരീക്ഷിക്കുന്നതിനായി വാർഡ് തിരിച്ചുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

2. 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആകട്-സെക്ഷൻ 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ,കലയിലോ,ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.ഗ്രാമപഞ്ചായത്ത് പരിധിയിലെ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി(ജീവനക്കാർ) ഈടാക്കിയിട്ടില്ല.

- പാലക്കയം ക്ഷീരോത്പാദന സഹകരണസംഘം (രണ്ട് അർദ്ധവർഷങ്ങളിലേതും)
- തച്ചമ്പാറ ഗ്രാമപഞ്ചായത്ത് ജീപ്പ് ഡ്രൈവർ, ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ (രണ്ട് അർദ്ധവർഷങ്ങളിലേതും)
- റൺഎവേ മൊബൈൽസ്-ഹീറോ സെയിൽസ് & ഡിസ്പ്ലേ (രണ്ട് അർദ്ധവർഷങ്ങളിലേതും)
- മാജിക് മോട്ടോർസ്-ഹീറോ മോട്ടോർസ് സർവീസ് സെന്റർ (രണ്ട് അർദ്ധവർഷങ്ങളിലേതും)
- എൽ.എസ്.ജി.ഡി ഓവർസിയർ താത്ക്കാലികം (രണ്ടാം അർദ്ധവർഷം)

3. ഗ്രാമപഞ്ചായത്ത് പരിധിയിലെ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 രണ്ട് അർദ്ധ വർഷങ്ങളിലേയും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

- സപ്ലൈകോ മാവേലി സ്റ്റോർ
- ബി.എസ്.എൻ.എൽ,തച്ചമ്പാറ
- തച്ചമ്പാറ ക്ഷീരോത്പാദന സഹകരണസംഘം
- പാലക്കയം ക്ഷീരോത്പാദന സഹകരണസംഘം

4. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന അംഗീകൃത കോൺട്രാക്ടർമാരിൽ നിന്നും,ഡോക്ടർമാർതുടങ്ങിയ പ്രഫെഷണൽസിൽ നിന്നും തൊഴിൽനികുതി (ജീവനക്കാർ) ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സ്ഥാപനം മറുപടി സമർപ്പിച്ചിട്ടില്ല. തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട മേൽഅപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-4 അനധികൃത നിർമാണങ്ങൾ തടയാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

കെട്ടിട നിർമ്മാണം സംബന്ധിച്ച റെഗുലറൈസേഷൻ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി എടുക്കാതെ നിർമ്മാണം പൂർത്തിയാക്കിയ 112 കെട്ടിടങ്ങൾക്ക് റെഗുലറൈസേഷൻ ചെയ്ത് നൽകുകയും കെട്ടിട നികുതി ഈടാക്കി നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരമുള്ള ഫോറം 10 അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 112 കെട്ടിടങ്ങൾ പഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി എടുക്കാതെ നിർമ്മാണം പൂർത്തിയാക്കി ക്രമവത്ക്കരണ അപേക്ഷ സമർപ്പിക്കുന്നത് വരെയും ഇത്തരത്തിലുള്ള അനധികൃത നിർമാണങ്ങൾ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെടാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും ആയത് നൽകിയിട്ടില്ല. 2011ലെ കേരള പഞ്ചായത്ത്കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2014ലെ കേരള പഞ്ചായത്ത് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണ) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഫീൽഡ് പരിശോധന നടത്തുന്നുണ്ടോ എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അനധികൃത നിർമാണം തടയുന്നതിനായി ഫീൽഡ് പരിശോധന നടത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്,അനധികൃത നിർമാണങ്ങൾ രേഖപ്പെടുത്തുന്നതിനായി ചട്ട പ്രകാരമുള്ള രജിസ്റ്റർ

സൂക്ഷിക്കുന്നതാണ് എന്നും ഗ്രാമ പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. അനധികൃത നിർമാണങ്ങൾ തടയുന്നതിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ആയത് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 2-5 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള, ഇ-ടെണ്ടർ നടത്തുന്നതിന്റെ ആവശ്യത്തിലേക്കായി 28.12.17 ന് തുറന്നിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്. ബി. എെ അക്കൗണ്ട് നം. 37440516984, കാഞ്ഞിരപ്പുഴ) 11.06.2018 ന് 60138/-രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ഉണ്ടായിരുന്ന 2015-16 മുതൽ കാലയളവിലെ ഇ-ടെണ്ടർ ഫോറങ്ങളുടെ വാറ്റുൾപ്പെടെയുള്ള വില 11.06.2018ന് അസി.എഞ്ചിനിയറുടെ ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് കിട്ടിയിട്ടുള്ളതാണ്. ടെണ്ടർ ഫോറങ്ങളുടെ വില ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് നാളിതുവരെ കൈമാറിയിട്ടില്ല. ഈ തുകയും ടെണ്ടർ ഫോറങ്ങളുടെ വിലയായി നാളിതുവരെ ഈടാക്കിയ മറ്റ് തുകകളും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സദ്ഭരണം - പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 72/2017 ത.സ്വ.ഭ.വ.തിയതി, 29.3.2017 പ്രകാരം സദ്ഭരണ സ്ഥാപനം സുതാര്യത, ജനപങ്കാളിത്തം തുടങ്ങിയ സദ്ഭരണ തത്വങ്ങൾ ഉൾകൊണ്ട് കൊണ്ട് പൗരാവകാശ രേഖ, സേവനാവകാശ നിയമം, അറിയാനുള്ള അവകാശം എന്നിവ പരിഗണിച്ചു കൊണ്ട് ഒരു സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് എന്ന് നിഷ്ക്കർഷിക്കുന്നു. രേഖകളുടെ സൂക്ഷിപ്പ്, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ഇ ഗവേണൻസ് എന്നിവ ഇതിന്റെ ഭാഗമാക്കണം. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായുള്ള പ്രൊജക്റ്റിന് തുക വകയിരുത്തുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പൗരാവകാശ രേഖ നിയമാനുസൃതം പുതുക്കേണ്ടതുമാണ്.

**ഓഡിറ്റ് നിർദ്ദേശം**

ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ,സേവനങ്ങൾ എന്നിവ ധനകാര്യ സ്റ്റാൻഡിംങ്ങ് കമ്മിറ്റി മോണിറ്റർ ചെയ്യേണ്ടതാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്ക വിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംങ്ങ് കമ്മിറ്റി, വികസനകാര്യ സ്റ്റാൻഡിംങ്ങ് കമ്മിറ്റി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്. എെ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ (എം.എസ്) നം. 18/15/ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

## 3-2 പാലിന് സബ്സിഡി നൽകൽ -മുഴുവൻ കാലയളവിലെ തുകയും കർഷകർക്ക് ലഭ്യമായിട്ടില്ല

ക്ഷീര വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പാലിന് സബ്സിഡി നൽകൽ എന്ന പ്രൊജക്ട് (48) പ്രകാരം തൻവർഷം 3,50,000 രൂപ ചെലവഴിച്ചിട്ടുണ്ട് (പദ്ധതി വിഹിതം -300000 ജില്ലാ പഞ്ചായത്ത് -50000). ആയത് പ്രകാരം തച്ചമ്പാറ ക്ഷീരോൽപ്പാദക സംഘത്തിലെ 74 പേർക്കും പാലക്കയം ക്ഷീരോൽപ്പാദക സംഘത്തിലെ 61 പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. 13-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.80/2017 തസ്വഭവ, തീയതി. 03.04.2017 പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. 2017 ഏപ്രിൽ മുതൽ നവമ്പർ വരെയുള്ള കാലയളവിലെ തുകയാണ് ക്ഷീരകർഷകർക്ക് നൽകിയിരിക്കുന്നത്. 2017ഡിസംബർ മുതൽ 2018 മാർച്ച് വരെയുള്ള കാലയളവിലെ ആനുകൂല്യം നൽകിയിട്ടില്ല. ഇക്കാലയളവിൽ സബ്സിഡി നൽകാൻ ബ്ലോക്ക് വിഹിതം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. 8.5.17 ന് ചേർന്ന മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ (കരട് പ്രൊജക്ട് തയ്യാറാക്കൽ രൂപീകരണം) പാലിന് സബ്സിഡി നൽകാൻ 5 ലക്ഷം രൂപ നീക്കി വെക്കാൻ ശുപാർശ സമർപ്പിച്ചിരുന്നുവെങ്കിലും 3 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/30.01.19) സ്ഥിരം ഓഫീസർ ഇല്ലാതിരുന്നതിനാലാണ് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം ആവശ്യപെടാൻ സാധിക്കാതിരുന്നതെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിലെ നിർദ്ദേശം സ്റ്റാന്റിംഗ് കമ്മിറ്റിയോ ഭരണസമിതിയോ ചർച്ച ചെയ്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ ചർച്ച ചെയ്യുന്ന ബന്ധപ്പെട്ട മേഖലയിലെ അടിസ്ഥാന വിവരങ്ങളും ആവശ്യകതയും തിരിച്ചറിഞ്ഞ് ആവിഷ്കരിക്കുകയും തുക വകയിരുത്തുകയും ചെയ്യുന്ന പദ്ധതികളാണ് അന്തിമ പദ്ധതിരേഖയിൽ ഉൾപ്പെടുത്തേണ്ടവ. ആയതിന്റെ അടിസ്ഥാനത്തിലാണ് വിവിധ പ്രൊജക്ടുകൾക്ക് തുക വകയിരുത്തേണ്ടതും നടപ്പിലാക്കേണ്ടതും. പദ്ധതിപ്രവർത്തനങ്ങളൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തതായും കാണുന്നില്ല. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗവിവരം ലഭ്യമായിട്ടില്ല

പ്രൊജക്ട് നം : 41/18

പ്രൊജക്ട് -കന്നുകുട്ടി പരിപാലന പദ്ധതി
നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

അടങ്കൽ : 1250000/-

ചെലവ് : 3,12,500/- (വികസന ഫണ്ട്)

ബിൽ നം. : 01/10.1.2018

പദ്ധതി പ്രകാരം 50 ഗുണഭോക്താക്കൾക്കായി പദ്ധതി വിഹിതമായ ₹ 312500/- അസിസ്റ്റന്റ് ഡയറക്ടർ, കാഫ്ഫീഡ് സബ്സിഡി, പ്രോഗ്രാം, പാലക്കാടിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ വിവരം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (2/30.01.2019) പ്രസ്തുത പദ്ധതി ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുകയാണെന്നും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 3-4 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

താഴെപ്പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നം.. | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മുതുകുറുശ്ശി സ്കൂൾകുന്ന് പൈപ്പ് ലൈൻ നീട്ടൽ | 30/6-1-2018 | 50000 |
| | തോടംകുളം അന്തിക്കാവ് പൈപ്പ് ലൈൻ നീട്ടൽ | 33/6-1-2018 | 100000 |
| | തോടംകുളം പൈപ്പ് ലൈൻ നീട്ടൽ | 31/6-1-2018 | 75000 |
| | മുണ്ടംപാലം പൈപ്പ് ലൈൻ നീട്ടൽ | 32/6-1-2018 | 50000 |
| | പട്ട കിഴക്കേച്ചോല പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 34/6-1-2018 | 200000 |
| | കെ.ജി.എം. ഓഡിറ്റോറിയം റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 36/6-1-2018 | 100000 |
| | മാർത്തോമ പള്ളി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 35/6-1-2018 | 100000 |
| | പിച്ചള്ളമുണ്ട പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 37/6-1-2018 | 100000 |
| | പിച്ചള്ളമുണ്ട പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 38/6-1-2018 | 200000 |
| | കണ്ണോട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 54/6-1-2018 | 100000 |
| | കമ്പിക്കുന്ന് കോളനി പൈപ്പ് ലൈൻ നീട്ടൽ | 53/6-1-2018 | 200000 |
| | കമ്പിക്കുന്ന് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 50/6-1-2018 | 100000 |
| | തച്ചമ്പാറ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 52/6-1-2018 | 52800 |
| | നാരായമംഗലം പൈപ്പ് ലൈൻ നീട്ടൽ | 47/6-1-2018 | 202880 |
| | കൂറ്റംപാടം പൈപ്പ് ലൈൻ നീട്ടൽ | 48/6-1-2018 | 202880 |
| | കൂറ്റംപാടം പൈപ്പ് ലൈൻ നീട്ടൽ | 42/6-1-2018 | 65960 |
| | നെല്ലിക്കുന്ന് പൈപ്പ് ലൈൻ നീട്ടൽ | 46/6-1-2018 | 202880 |
| | വാർഡ് നം.14 പൈപ്പ് ലൈൻ | 49/6-1-2018 | 202880 |

| | | | |
|---|---|---|---|
| | നീട്ടൽ | | |
| | ചന്ദനംകുണ്ട് പൈപ്പ് ലൈൻ നീട്ടൽ | 39/6-1-2018 | 98640 |
| | മുരുഗേണി പൈപ്പ് ലൈൻ നീട്ടൽ | 40/6-1-2018 | 50000 |
| | തെക്കുംപുറം പൈപ്പ് ലൈൻ നീട്ടൽ | 43/6-1-2018 | 70960 |
| | ഉഴുന്ന് പറമ്പ് കുടിവെള്ള പദ്ധതി | 41/6-1-2018 | 65960 |
| | കോഴിയോട് പൈപ്പ് ലൈൻ നീട്ടൽ | 44/6-1-2018 | 101440 |
| | വാലിപ്പാടം പൈപ്പ് ലൈൻ നീട്ടൽ | 45/6-1-2018 | 101440 |
| | മുള്ളത്ത് പാടം കുടിവെള്ള പദ്ധതി | 51/6-1-2018 | 50000 |
| | | ആകെ | 2843720 |

വിനിയോഗ വിവരം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-5 പൊതുമരാമത്ത് പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും-പൊതുഅവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് 38 സ്പിൽഓവർ ഉൾപ്പെടെ തൻവർഷം 90 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 54 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. വകയിരുത്തിയ 20825413/- രൂപയിൽ 11617040/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 55% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2017-18 വർഷികപദ്ധതിക്കായി ആകെ 5 പ്രാവശ്യം കൂടിയിട്ടുണ്ട്. 2017-18 വർഷത്തിലെ പദ്ധതി നിർദ്ദേശങ്ങൾ ആസൂത്രണം ചെയ്തത് 14.2.17 ലെ യോഗത്തിൽ ആണ്. തൻവർഷത്തെ മറ്റു യോഗങ്ങളിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ക്രിയാത്മകമായ ചർച്ചകൾ നടത്തിയതായോ മോണിറ്ററിംഗ് നടത്തിയതായോ മിനിറ്റ്സ് പ്രകാരം ഇല്ല.

സ്പിൽ ഓവർ പ്രൊജക്റ്റുകളുടെ ബാഹുല്യവും മറ്റ് സാങ്കേതിക കാരണങ്ങളും ബിറ്റുമിൻ വൈകി ലഭ്യമായതും സാമ്പത്തിക വർഷത്തെ ആദ്യ ടെണ്ടർ കരാറുകാർ ബഹിഷ്ക്കരിച്ചതും പദ്ധതി നിർവ്വഹണം മന്ദഗതിയിലാകുവാനുള്ള കാരണമായി വിലയിരുത്തുന്നു. വ്യക്തമായ സ്ഥിതി വിവര കണക്കുകളും റോഡ് കണക്റ്റിവിറ്റി മാപ്പ്, ആസ്തി സംരക്ഷണ പദ്ധതി എന്നിവ അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയ്ക്കും നിർവ്വഹണം നടക്കാൻ സാദ്ധ്യതയുള്ളവയ്ക്കും മുൻഗണന നൽകി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തിക്കാണുന്നുണ്ടെങ്കിലും മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക ചർച്ചകൾ നടത്തിയതിന്റെയോ നിർദ്ദേശങ്ങളുടേയോ വിലയിരുത്തലുകളുടേയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല. സ്പിൽ ഓവർ പ്രൊജക്റ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിലെ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. **മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്**

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള പ്രധാന നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു. പൊതു അപാകതകൾ പരിഹരിക്കേണ്ടതാണ്.

1.ടെണ്ടർ അംഗീകരിച്ചതിനു ശേഷം കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുന്നില്ല.
2. Site hand over ചെയ്ത രേഖ വെയ്ക്കുന്നില്ല.
3. പദ്ധതി മാർഗ്ഗ നിർദ്ദേശ പ്രകാരം പ്രവൃത്തി സ്ഥലത്ത് വെയ്ക്കേണ്ട ബോർഡിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തുകയോ വെയ്ക്കുകയോ ചെയ്യുന്നില്ല.
4. കരാറുകാർ വെയ്ക്കുന്ന Security Deposit FD Receipts ഫയലിൽ സൂക്ഷിക്കാതെ അവയുടെ വിവരം സെക്യൂരിറ്റി/വാലബിൾസ് രജിസ്റ്ററിൽ രേഖപ്പെടുത്തി safe custody യിൽ സൂക്ഷിക്കേണ്ടതാണ്.
5. ടെണ്ടർ രജിസ്റ്റർ - പൂർണ്ണമായി രേഖപ്പെടുത്തലുകൾ ഇല്ല. വിശദാംശങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ അംഗീകരിച്ച തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ എ.ഇ. ഒപ്പുവെച്ചിട്ടില്ല.
6. എഗ്രിമെന്റ് രജിസ്റ്റർ - രജിസ്റ്ററിൽ കരാറിന്റെ എല്ലാ വിശദാംശങ്ങളും ചേർത്തിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി എല്ലാത്തിലും ചേർത്തിട്ടില്ല.
7. എല്ലാ എഗ്രിമെന്റിലും എ.ഇ. ഒപ്പുവെച്ചിട്ടില്ല.
8. പ്രവൃത്തിയിൽ എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തുമ്പോൾ കരാറുകാരുമായി സപ്ളിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.
9. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ 31.03.2018 വരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.
10. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതിനായി പഞ്ചായത്തിൽ മെയിന്റനൻസ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.
11. ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)72/2017ത.സ്വ.ഭ.വ. തിയതി, 29.3.2017ൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് ഫണ്ട് വാർഡ് തലത്തിൽ വിഭജിക്കുന്നതിനും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നു.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാവശ്യമായ ചർച്ചകൾ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഉണ്ടാകേണ്ടതാണ്.

## 3-6 പദ്ധതി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല

2016-17 ൽ ആരംഭിച്ചതും 2017-18 ലും തുടർന്നും നടന്നിട്ടുള്ള താഴെ പറയുന്ന ടാറിംഗ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ അപേക്ഷിക്കുകയോ സമയം ദീർഘിപ്പിച്ച് നൽകുന്നതിന് നിർവ്വഹണോദ്യോഗസ്ഥനായ അസി.എഞ്ചിനീയർ ഭരണസമിതിയ്ക്ക് ശുപാർശ നൽകുകയോ ഭരണസമിതി കൂടുതൽ സമയം അനുവദിക്കുകയോ ചെയ്തിട്ടില്ല. കരാറുകാർ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ Supplementary agreement വെയ്ക്കുകയോ ചെയ്തിട്ടില്ല. കൂടാതെ വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്തു മാന്വൽ (2012) ലെ നിർദ്ദേശ പ്രകാരം പൂർത്തീകരണ സമയം ഒറിജിനൽ സമയത്തിന്റെ 25% ൽ അധികരിക്കാവതല്ല. അല്ലെങ്കിൽ 6 മാസം (ഏതാണോ കുറവ് അത്). പരമാവധി extention ഒറിജിനൽ time of completion ന്റെ 50% ൽ അധികരിക്കാൻ പാടില്ല. കേരള പൊതുമരാമത്തു മാന്വൽ (2012) പ്രകാരം കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവു മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. കരാറുകാരിൽനിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ നിബന്ധന 7 പ്രകാരം ഗ്രേസ്സ്പിരീഡ് (20% സമയം) കഴിഞ്ഞ് ആദ്യത്തെ മൂന്നു മാസത്തിന് പിഎസിയുടെ 1%, അടുത്ത ഓരോ മൂന്നു മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/06.02.19) ലഭ്യമായ മറുപടി

പ്രകാരം പ്രവൃത്തികൾക്കാവശ്യമായ ടാർ ലഭിച്ചത് ആഗസ്റ്റ് മാസത്തിലാണെന്നും ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ കാലവർഷവും തുലാവർഷവും മൂലം കൃത്യ സമയത്ത് പണി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല എന്നുമാണ്. എന്നാൽ പൂർത്തീകരണ സമയം ദീർഘിപ്പിക്കേണ്ടതിനുള്ള നടപടിക്രമങ്ങൾ കരാറുകാർ പാലിച്ചിട്ടില്ല. കൂടാതെ ഭരണസമിതിയോട് കരാറുകാരോ നിർവ്വഹണോദ്യോഗസ്ഥനോ ആവശ്യപ്പെട്ട് സമയം ദീർഘിപ്പിച്ചു നൽകിയിട്ടുമില്ല. ആയതിനാൽ ടാർ ലഭിച്ചതിനുശേഷം (03.08.17) ഒറിജിനൽ എഗ്രിമെന്റ് പ്രകാരമുള്ള കാലയളവും 20% ഗ്രേസ്സ്പിരീഡും കഴിഞ്ഞ് പൂർത്തീകരണം വൈകിയ കാലയളവിലേക്ക് കരാറുകാരിൽ നിന്നും താഴെ പറയും വിധം പിഴ ഈടാക്കേണ്ടതാണ്.

**1. എടായിക്കൽ നെല്ലിക്കുന്ന് റോഡ് - (139/17)**

പി.എ).സി. - 399732/-

ചെലവ്- ബിൽ നം32./15.3.18 , തുക – 253205/-

അളവു പുസ്തകം- 27/17-18

കരാറുകാരൻ- ശ്രീ ബിജു.ജെ.തോമസ്

എഗ്രിമെന്റ് നം- 31/25.1.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 31.3.17(66 ദിവസം)

പൂർത്തീകരിച്ച തീയതി- 29.1.18

ഈടാക്കേണ്ട പിഴ

ടാർ ലഭിച്ചതിനുശേഷം പൂർത്തീകരിക്കേണ്ട തീയതി- 20.10.17(13 ദിവസം ഗ്രേസ് പിരിയഡ് ഉൾപ്പെടെ)

പിഴ 21.10.17മുതൽ 20.1.18 വരെ: @1% =3997 /-

പിഴ 21.1.18മുതൽ 28.1.18 വരെ: @2% = 711/-

ഈടാക്കേണ്ട ആകെ പിഴ : 4708/-

പിഴ അടവാക്കിയത്- 0/-

ബാക്കി ഈടാക്കേണ്ടത് - 4708/-

**2. ചുങ്കം മമ്പോക്ക് റോഡ് റീ ടാറിംഗ് (131/17)**

പി.എ).സി. - 198979/-

ചെലവ്- ബിൽ നം36/15.3.18 , തുക – 109392/-

അളവു പുസ്തകം- 25/17-18

കരാറുകാരൻ- ശ്രീ കിനാനത്ത്

എഗ്രിമെന്റ് നം- 38/28.1.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 31.3.17(63 ദിവസം)

പൂർത്തീകരിച്ച തീയതി- 23.1.18

ഈടാക്കേണ്ട പിഴ

ടാർ  ലഭിച്ചതിനുശേഷം പൂർത്തീകരിക്കേണ്ട തീയതി- 17.10.17(13 ദിവസം ഗ്രേസ് പിരിയഡ് ഉൾപ്പെടെ)

പിഴ 18.10.17മുതൽ  17.1.18 വരെ: @1% = 1990 /-

പിഴ 18.1.18മുതൽ  22.1.18 വരെ: @2% = 221/-

ഈടാക്കേണ്ടആകെ പിഴ : 2211/-

പിഴ അടവാക്കിയത്- 0/-

ബാക്കി ഈടാക്കേണ്ടത് - 2211/-

**3. തൊണ്ടംകുളം മുക്കട്ട റോഡ് ടാറിംഗ് (135/17)**

പി.എ).സി. - 199690/-

ചെലവ്- ബിൽ  നം 45/23.3.18 , തുക – 138512/-

അളവു പുസ്തകം- 27/17-18

കരാറുകാരൻ- ശ്രീ കിനാനത്ത്

എഗ്രിമെന്റ് നം- 37/28.1.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 31.3.17(63 ദിവസം)

പൂർത്തീകരിച്ച തീയതി- 08.1.18

ഈടാക്കേണ്ട പിഴ

ടാർ  ലഭിച്ചതിനുശേഷം പൂർത്തീകരിക്കേണ്ട തീയതി- 18.10.17(13 ദിവസം ഗ്രേസ് പിരിയഡ് ഉൾപ്പെടെ)

പിഴ 18.10.17മുതൽ  07.1.18വരെ: @1% = 1819/-

ഈടാക്കേണ്ടആകെ പിഴ : 1819/ -

പിഴ അടവാക്കിയത്- 0/-

ബാക്കി ഈടാക്കേണ്ടത് - 1819/-

**4. കോഴിയോട് മമ്പോക്ക് റോഡ് ടാറിംഗ് (132/17)**

പി.എ).സി. - 199607/-

ചെലവ്- ബിൽ  നം 56/28.3.18 , തുക – 139185/-

അളവു പുസ്തകം- 31/17-18

കരാറുകാരൻ- ശ്രീ വി.എം.ഉസ്മാൻ

എഗ്രിമെന്റ് നം- 44/28.1.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 31.3.17(63 ദിവസം)

പൂർത്തീകരിച്ച തീയതി- 30.1.18

ഈടാക്കേണ്ട പിഴ

ടാർ ലഭിച്ചതിനുശേഷം പൂർത്തീകരിക്കേണ്ട തീയതി - 17.10.17(13 ദിവസം ഗ്രേസ് പിരിയഡ് ഉൾപ്പെടെ)

പിഴ 18.10.17മുതൽ 17.1.18വരെ: @1% = 1996/-

18.1.18മുതൽ 29.1.18വരെ-532

ഈടാക്കേണ്ട ആകെ പിഴ : 2528/ -

പിഴ അടവാക്കിയത്- 0/-

ബാക്കി ഈടാക്കേണ്ടത് - 2528/

**5. ചേനമ്പാറ ആക്കംചോല റോഡ് റീ ടാറിംഗ്(138/17)**

പി.എ).സി. - 199087/-

ചെലവ്- ബിൽ നം 46/23.3.18 -138832/-

അളവു പുസ്തകം- 25/17-18

കരാറുകാരൻ- ശ്രീ കിനാനത്ത്

എഗ്രിമെന്റ് നം- 36/28.1.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 31.3.17(63 ദിവസം)

പൂർത്തീകരിച്ച തീയതി- 03.1.18

ഈടാക്കേണ്ട പിഴ

ടാർ ലഭിച്ചതിനുശേഷം പൂർത്തീകരിക്കേണ്ട തീയതി - 17.10.17(13 ദിവസം ഗ്രേസ് പിരിയഡ് ഉൾപ്പെടെ)

പിഴ 18.10.17മുതൽ 02.1.18വരെ: @1% = 1703/-

ഈടാക്കേണ്ട ആകെ പിഴ : 1703/ -

പിഴ അടവാക്കിയത്- 0/-

ബാക്കി ഈടാക്കേണ്ടത് - 1703/

**6. കുന്നംതിരുത്തി റോഡ് ടാറിംഗ്(129/17)**

പി.എ).സി. - 199097/-

ചെലവ്- ബിൽ നം33./15.3.18 , തുക – 138636/-

അളവു പുസ്തകം- 50/17-18

കരാറുകാരൻ- ശ്രീ ടി.ഷിജി

എഗ്രിമെന്റ് നം- 20/20.1.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 31.3.17(71ദിവസം)

പൂർത്തീകരിച്ച തീയതി- 29.1.18

ഈടാക്കേണ്ട പിഴ

ടാർ ലഭിച്ചതിനുശേഷം പൂർത്തീകരിക്കേണ്ട തീയതി- 27.10.17(15 ദിവസം ഗ്രേസ് പിരിയഡ് ഉൾപ്പെടെ)

പിഴ 28.10.17മുതൽ 28.1.18 വരെ: @1% = 1991/-

ഈടാക്കേണ്ടആകെ പിഴ : 1991/-

പിഴ അടവാക്കിയത്- 0/-

ബാക്കി ഈടാക്കേണ്ടത് - 1991/-

പിഴയിനത്തിൽ ഈടാക്കേണ്ട ആകെ തുക 14960/-രൂപ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-7 ബിറ്റുമിൻ ബാരൽ വില ജി. എസ്.ടി. അടക്കം ഈടാക്കേണ്ടതാണ്

2017-18 വർഷത്തെ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ ( പുതിയവ) കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ ഈ റോഡ് ടാറിംഗ് പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ഉപയോഗിച്ച ബിറ്റുമിന്റെ ബാരലിന്റെ വില ജി. എസ്.ടി. അടക്കം കണക്കാക്കി കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്. കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ ഒറിജിനൽ അതാത് വർക്ക് ഫയലുകളിൽ സൂക്ഷിക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി | ചെലവ് |
|---|---|---|
| 1. | പാലക്കയം പായപ്പുല്ല് റോഡ് റീ ടാറിംഗ്- 203/18 | 422583 |
| 2. | പള്ളിക്കുന്ന് റോഡ് റീ ടാറിംഗ്-181/18 | 89222 |
| 3. | വാക്കോടൻ ട്രാൻസ്ഫോർമർ റോഡ് റീ ടാറിംഗ്- 207/18 | 98760 |
| 4. | സർവീസ് സ്റ്റേഷൻ റോഡ് ടാറിംഗ്-227/18 | 173895 |
| 5. | കൊട്ടത്താമല റോഡ് ടാറിംഗ്-211/18 | 226000 |
| 6. | പാറമട ഇഞ്ചൻകവല റോഡ് റീ ടാറിംഗ്-33/18 | 324784 |
| 7. | തച്ചമ്പാറ തീയേറ്റർ റോഡ് ടാറിംഗ്-117/18 | 198094 |
| 8. | കോഴിയോട് മമ്പോക്ക് റോഡ് റീ ടാറിംഗ്- 201/18 | 196756 |
| 9. | പാറമട ചെന്തെണ്ട് ഇഞ്ചൻകവല റോഡ് റീ ടാറിംഗ്-178/18 | 474416 |
| 10. | നിറവ് വാക്കോടൻ കോളനി റോഡ് റീ ടാറിംഗ്- 208/18 | 225000 |
| 11. | തെക്കെപ്പുറം ഉഴുന്നുപറമ്പ് റോഡ് റീ ടാറിംഗ് -182/18 | 274634 |

| | | |
|---|---|---|
| 12. | പുളിഞ്ചോട് ചോലക്കുന്ന് റോഡ് ടാറിംഗ് -224/18 | 469327 |
| 13. | കുന്നംതിരുത്തി റോഡ് ടാറിംഗ് -243/18 | 96854 |
| 14 | പാറ്റ കമ്പിപ്പാടം റോഡ് റീടാറിംഗ് -202/18 | 196756 |
| 15 | പുത്തൻകുളം കണ്ണോട് റോഡ് റീ ടാറിംഗ്-115/18 | 424820 |

## 3-8 സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

2017-18 ൽ സ്പിൽ ഓവർ ആയി അംഗീകാരം ലഭ്യമായിട്ടുള്ളതുമായ 64 പ്രവൃത്തികളിൽ താഴെ പറയുന്ന പ്രവൃത്തികൾ 2017-18 ലും പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് | അടങ്കൽ |
|---|---|---|
| 1. | 125/18- കൂറ്റമ്പാട പുഴ റോഡ് ടാറിംഗ് | 154271 |
| 2. | 128/18ഉഴുന്നു പറമ്പ് തെക്കും പുറം റോഡ് ടാറിംഗ് | 151839 |
| 3. | 131/18 എടായിക്കൽ മുരിങ്ങേനി റോഡ് റീടാറിംഗ് | 127961 |
| 4. | 134/18മാട്ടം റോഡ് | 136428 |
| 5. | 136/18 ആനക്കല്ല് ST കോളനി ഇടവഴി കോൺക്രീറ്റിംഗ് | 53000 |
| 6. | 142/18 കണ്ണോട്കോളനി പൊതുകിണർ റിപ്പയർ | 50000 |
| 7. | 144/18 വലിയവീട് കോളനി പൊതുകിണർ റിപ്പയർ | 50000 |
| 8. | 147/18ചേനമ്പാറ ശ്മശാനം നവീകരണം | 50000 |
| 9. | 150/18 കൃഷിഭവൻ വിപുലീകരണം | 300000 |
| 10. | 200/18 മുതുകുറിശ്ശി സബ് കകനാൽ കൈവരി നിർമ്മാണം | 100000 |

സ്പിൽ ഓവർ പ്രവൃത്തികൾ അവ സ്പിൽ ഓവർ ആയ വർഷം പൂർത്തീകരിക്കാതിരുന്നത് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമാണ്. ഈ പ്രൊജക്റ്റുകളുടെ നിലവിലെ സ്ഥിതി, ഈ പ്രൊജക്റ്റുകൾ 2018-19 വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടോ, ഇവ ഉപേക്ഷിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ കാരണം എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/06.02.19) ലഭ്യമായ മറുപടി താഴെ പറയും പ്രകാരമാണ്.

1. ക്രമ നം. 1,3,4,9 എന്നിവ 2017-18 ൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ടെന്നും ക്രമനം.2 നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നുമാണ്.
2. ആനക്കല്ല് ST കോളനി ഇടവഴി കോൺക്രീറ്റിംഗ് - അതിർത്തിത്തർക്കം മൂലം 2017-18 ൽ പൂർത്തീകരിക്കാൻ സാധിച്ചില്ല. 2018-19 ൽ പൂർത്തീകരിച്ചിട്ടുണ്ട്
3. ക്രമ നമ്പർ 6,7 എന്നിവ കിണറിൽ പാറ ഉള്ളതിനാൽ ആഴം കൂട്ടാൻ കഴിയാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചു.
4. ചേനമ്പാറ ശ്മശാനം നവീകരണം - മെറ്റീരിയൽസിന്റെ വിലവർദ്ധനവ് കാരണവും GST രജിസ്ട്രേഷൻ വന്നതിനാലും ആ വർക്ക് പൂർത്തിയാക്കാൻ കഴിയില്ല എന്ന ഗുണഭോക്തൃ

കൺവീനറുടെ അഭ്യർത്ഥന പ്രകാരം ഉപേക്ഷിച്ചു.

5. മുതുകുറിശ്ശി സബ് കനാൽ കൈവരി നിർമ്മാണം - കനാലിന് കൈവരി നിർമ്മിക്കേണ്ട റോഡിൽ MLA ഫണ്ടുപയോഗിച്ചുള്ള പദ്ധതി വന്നതിനാൽ പഞ്ചായത്ത് വിഭാവനം ചെയ്ത പദ്ധതി ഉപേക്ഷിച്ചു.

**ഓഡിറ്റ് നിർദ്ദേശം**

- പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭരണ സാങ്കേതികാനുമതികൾക്കൊപ്പം ഫണ്ട് ലഭ്യത, തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
- പ്രൊജക്റ്റുകളുടെ പ്രവർത്തന കലണ്ടർ അനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- മറ്റു വകുപ്പുകളിൽ നിന്നും അനുമതി, NOC, ഫീസിബിലിറ്റി മുതലായവ ലഭ്യമാക്കേണ്ട പ്രവൃത്തികളിൽ പ്രൊജക്റ്റ് രൂപീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കുന്നതോടൊപ്പം തന്നെ ആയവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ചേനമ്പാറ ശ്മശാനം നവീകരണം പ്രവൃത്തിയിൽ കരാർ വെച്ച ശേഷമാണ് ഗുണഭോക്തൃസമിതി കൺവീനർ പിൻമാറിയിട്ടുള്ളതെങ്കിൽ പിന്നീട് ഈ പ്രവൃത്തി നടപ്പിലാക്കുമ്പോൾ അധികച്ചെലവ് വരുന്നുണ്ടെങ്കിൽ അത് ഗുണഭോക്തൃസമിതിയിൽ നിന്നും ഈടാക്കേണ്ടതാണ്.
- നിർവ്വഹണം നടക്കുമെന്നുറപ്പുള്ള പദ്ധതികൾ മുൻഗണനാക്രമത്തിൽ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

വികസന സ്റ്റാൻഡിംങ്ങ് കമ്മിറ്റി പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ അവലോകനം നടത്തേണ്ടതും പൊതുമരാമത്ത് വർക്കിംങ്ങ് ഗ്രൂപ്പ്, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും പ്രവൃത്തി പൂർത്തീകരണത്തെ ബാധിക്കുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായി ഇടപെടേണ്ടതുമാണ്.

## 3-9 ബിറ്റുമിൻ വാങ്ങലും വിനിയോഗവും

2016-17 വർഷത്തെ 14 റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി അസി. എഞ്ചിനീയർ 31.3.17 ന് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പ്രകാരം adequacy കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ബിറ്റുമിൻ വാങ്ങുന്നതിനായി മേൽ പ്രവൃത്തികളിൽ നിന്നും തുക പിൻവലിച്ച് 862749/-രൂപ (ചെക്ക് നം.0233781 /3.4.17) സെക്രട്ടറിയ്ക്ക് കൈമാറിനൽകിയിട്ടുണ്ട്.

അസി. എഞ്ചിനീയർ കൈമാറി നൽകിയിട്ടുള്ള തുകയിൽനിന്നും സെക്രട്ടറി ബിറ്റുമിൻ വാങ്ങുന്നതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് RTGS മുഖേനയാണ് തുക കൈമാറിയിട്ടുള്ളത്.

| ക്രമ നം. | വൗച്ചർ നം. തീയതി | തുക | തുക നൽകിയ സ്ഥാപനം | വാങ്ങുന്ന ഇനം |
|---|---|---|---|---|
| 1. | 21700293/ 26.7.17 | 540800 | HPCL, Kochin | VG30 |
| 2 | 21700294/ 26.7.17 | 252300 | ഹെൻകോൾ, Kochin | Emulsion-RSI, SSI |
| ആകെ തുക | | 793100 | | |

ബിറ്റുമിൻ വാങ്ങിയതിന്റെയും വിനിയോഗിച്ചതിന്റെയും രേഖകൾ പരിശോധിക്കുമ്പോൾ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഹാജരാക്കിയ രേഖകൾ, സെക്രട്ടറിയുടെ സ്റ്റോക്ക് രജിസ്റ്റർ (ജനറൽ) HPCLന്റെ ഇൻവോയ്സ് എന്നിവ പ്രകാരം 2.8.17ന് 50 എണ്ണം , 3.8.17 ന് 54 എണ്ണം എന്നിങ്ങനെ ആകെ ലഭ്യമായ 104 ബാരൽ

(@161.8 kg) VG30 ബിറ്റുമിന് ആകെ ചെലവ് 532937.62 (256220.01 + 276717.61) രൂപയാണ്. സ്ഥാപനത്തിന് നൽകിയ തുക 540800/- രൂപയും ആണ്. അധികം നൽകിയ തുക 7862.38/-രൂപ (540800 - 532937.62) തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ബിറ്റുമിൻ വാങ്ങുന്നതിനായി അസി. എഞ്ചിനീയർ കൈമാറി നൽകിയിട്ടുള്ളതിൽ ബാക്കി തുക 69649/- ( 862749- 793100) രൂപയുടെ വിനിയോഗം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമായ മറുപടിയിൽ ഈ തുകയിൽ നിന്നാണ് ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിയിട്ടുള്ളത് എന്നാണ്. എന്നാൽ ട്രാൻസ്പോർട്ടേഷൻ ചെലവ്, കയറ്റിറക്കു കൂലി എന്നിവ ആദ്യഘട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം തന്നെ വഹിക്കേണ്ടതും കരാറുകാരിൽ നിന്നും ബിറ്റുമിൻ വില ഈടാക്കുമ്പോൾ ട്രാൻസ്പോർട്ടേഷൻ ചെലവ്, കയറ്റിറക്കു കൂലി ഉൾപ്പെടെ അന്തിമ ബില്ലിൽ നിന്നും കുറവു ചെയ്യണമെന്നുമാണ് 01.03.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 564/2017/തസ്വഭവ പ്രകാരമുള്ള നിർദ്ദേശം.

3. ചില പ്രവൃത്തികളിൽ കരാറുകാരിൽ നിന്നും ബിറ്റുമിൻ വില മുൻകൂർ പിൻവലിച്ചത് അധികമാണ്. എന്നാൽ ഫൈനൽ ബിൽപ്രകാരം അധികം വാങ്ങിയ തുക തിരികെ നൽകിയിട്ടില്ല.

